"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി 2401-00-104-86-01-36 NV ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ച തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.332/2026/AGRI തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-

1. 25/04/2025 ലെ സ.ഉ. (സാധാ) നം.400/2025/അഗ്രി.
2. 20/06/2025 ലെ സ.ഉ. (സാധാ) നം.618/2025/അഗ്രി.
3. 25/08/2025 ലെ സ.ഉ. (സാധാ) നം.101/2025/അഗ്രി.
4. 21/10/2025 ലെ സ.ഉ. (സാധാ) നം. 991/2025/അഗ്രി.
5. 12/12/2025 ലെ സ.ഉ. (സാധാ) നം. 1190/2025/അഗ്രി.
6. 06/02/2026 ലെ സ.ഉ. (സാധാ) നം. 127/2026/അഗ്രി.
7. 22/01/2026 ലെ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ചെയർപേഴ്സന്റെ കുറിപ്പ്.
8. 13/03/2026 ലെ സ.ഉ. (സാധാ) നം. 2783/2026/ധന.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ശമ്പളേതര ഇനത്തിലുള്ള ചെലവുകൾക്ക് പരാമർശം 1 മുതൽ 6 വരെ സർക്കാർ ഉത്തരവുകൾ പ്രകാരം ആറ് ഗഡുക്കളായി ബഡ്ജറ്റിൽ ഈ ഇനത്തിൽ വകയിരുത്തിയിരുന്ന 53.81 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(2) കമ്മീഷൻ മെമ്പർമാരുടെ ഹോണറേറിയം, TA, DA, Telephone Allowance, മുൻ മെമ്പർമാരുടെ വിരമിക്കൽ ആനുകൂല്യം, സിറ്റിംഗുമായി ബന്ധപ്പെട്ട ചെലവുകൾ, കുടിശ്ശിക വെള്ളക്കരം, സിറ്റിംഗുമായി ബന്ധപ്പെട്ട തപാലുകൾ അയയ്ക്കുന്നതിന് ആവശ്യമായ സ്റ്റാമ്പ് വാങ്ങൽ, വൈദ്യുതി, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്ജുകൾ തുടങ്ങിയ ഒഴിച്ചുകൂടാനാവാത്ത ചെലവുകൾ വഹിക്കുന്നതിന് 24,87,500/- രൂപ അധിക തുകയായി ലഭിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും, ഈ സാഹചര്യത്തിൽ കമ്മീഷന്റെ പ്രവർത്തനം മുന്നോട്ടു

കൊണ്ടുപോകുന്നതിന് ശമ്പളേതര ചെലവുകൾക്കായി 2401-00-104-86(01)-36 (NP) ശീർഷകത്തിൽ അധിക തുകയായി 24,87,500/- രൂപ അനുവദിക്കണമെന്നും പരാമർശം (7) ലെ കുറിപ്പ് പ്രകാരം കടാശ്വാസ കമ്മീഷൻ ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി പരാമർശം (8) ലെ സർക്കാർ ഉത്തരവ് പ്രകാരം 2401-00-104-86-01-36 NV ശീർഷകത്തിൽ 24,87,500/- രൂപ അധിക ധനാനുമതി വഴി അനുവദിക്കുകയും ചെയ്തു.

(4) കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി 2401-00-104-86-01-36 NV ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച 24,87,500/- രൂപ (ഇരുപത്തി നാല് ലക്ഷത്തി എൺപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ) വിതരണം ചെയ്യുന്നതിനും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേയ്ക്ക് മാറ്റി നൽകുന്നതിനും കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (17.03.2026-ലെ E:3122769/Agri-C1/78/2025-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 19.03.2026 15:39:13
സെക്ഷൻ ഓഫീസർ